പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 253 **12-10-2026-ൽ മറുപടിയ്ക്ക്**

<u>പള്ളിക്കൽ സപ്ലൈകോ മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റ് അപ്ഗ്രേഡേഷൻ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നിലവിലുള്ള എത്ര മാവേലി സ്റ്റോറുകൾ സൂപ്പർമാർക്കറ്റ് ആയി അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തികൾ നടത്തിവരുന്നെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> സംസ്ഥാനത്ത് നിലവിൽ 7 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റ്/സൂപ്പർ സ്റ്റോർ ആയി ഉയർത്തുന്നതിനുള്ള പ്രവർത്തികൾ നടന്നു വരുന്നു. വിശദവിവരങ്ങൾ **അനുബന്ധം -1** ആയി ചേർക്കുന്നു.

(ബി) പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ സപ്ലൈകോ മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റ് ആയി അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>മറുപടി:</u> തിരൂരങ്ങാടി ഡിപ്പോയുടെ കീഴിലുള്ള പള്ളിക്കൽ മാവേലി സ്റ്റോർ കെട്ടിടമാറ്റം നടത്തി മാവേലി സൂപ്പർ സ്റ്റോറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം – 1**</u>

ക്രമ നം.	മേഖലാ	ഡിപ്പോ	വിൽപ്പനശാല	തരംമാറ്റം
1	കോട്ടയം	മൂന്നാർ	ചിന്നക്കനാൽ മാവേലി സ്റ്റോർ	മാവേലി സ്റ്റോർ- സൂപ്പർ മാർക്കറ്റ്
2	പാലക്കാട്	ഒറ്റപ്പാലം	തൃക്കടീരി മാവേലി സ്റ്റോർ	മാവേലി സ്റ്റോർ- സൂപ്പർ മാർക്കറ്റ്
3	പാലക്കാട്	തിരൂരങ്ങാടി	ചേളാരി മാവേലി സ്റ്റോർ	മാവേലി സ്റ്റോർ- മാവേലി സൂപ്പർ സ്റ്റോർ
4	കോഴിക്കോട്	കണ്ണൂർ	കണ്ണപുരം മാവേലി സ്റ്റോർ	മാവേലി സ്റ്റോർ- മാവേലി സൂപ്പർ സ്റ്റോർ
5	കോട്ടയം	ചങ്ങനാശ്ശേരി	നെടുങ്കുന്നം മാവേലി സ്റ്റോർ	മാവേലി സ്റ്റോർ- മാവേലി സൂപ്പർ സ്റ്റോർ
6	പാലക്കാട്	തിരൂരങ്ങാടി	പള്ളിക്കൽ മാവേലി സ്റ്റോർ	മാവേലി സ്റ്റോർ- മാവേലി സൂപ്പർ സ്റ്റോർ
7	പാലക്കാട്	പെരിന്തൽമണ്ണ	വെട്ടത്തൂർ മാവേലി സ്റ്റോർ	മാവേലി സ്റ്റോർ- മാവേലി സൂപ്പർ സ്റ്റോർ